കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം6/2736/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി07/10 /2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് .(സെക്രട്ടറി മുഖേന)

ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************************************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി
ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

mac

നം. കെ.എസ്.എ.എം.പി.എം 6/2736/16 /2016 തിയ്യതി:07/10

**മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 09-02-2016മുതൽ 18-09-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

--------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. കെ.യു ചേക്കുട്ടി , ഡെപ്യൂട്ടി ഡയറക്ടർ

--------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19-09-2016 മുതൽ 28-09-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. എ.സി അബ്ദുള്ള | ഓഡിറ്റ് ഓഫീസർ |
| ശ്രീ. എം മുഹമ്മദ് ഫസലുറഹ്മാൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. പി അബ്ദുസ്സലാം | ഓഡിറ്റർ |
| ശ്രീ. ടി. ടി മുഹമ്മദ് ഫാസിൽ | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. മോളി മാത്യൂ | 01.04.2015 മുതൽ 31.10.2015 വരെ |
| അഡ്മിനിസ്ട്രേറ്റീവ് ഭരണം | 01.11.2015 മുതൽ 18.11.2015 വരെ |
| ശ്രീ. എൻ. കെ ഷൗക്കത്തലി | 19.11.2015 മുതൽ 31.03.2016 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. അബ്ദുൽ ഖാദർ കെ<br>(സെക്രട്ടറി ഇൻ ചാർജ്) | 01.04.2015 മുതൽ 17.04.2015 വരെ |
| ശ്രീമതി. വനജ പി കെ<br>(സെക്രട്ടറി ഇൻ ചാർജ്) | 18.04.2015 മുതൽ 06.05.2015 വരെ |
| ശ്രീ. അബ്ദുൽ ഖാദർ യു<br>(സെക്രട്ടറി ഇൻ ചാർജ്) | 07.05.2015 മുതൽ 29.07.2015 വരെ |
| ശ്രീ. സത്യകുമാരൻ കെ.കെ | 30.07.2015 മുതൽ 31.03.2016 വരെ |

അസിസ്റ്റന്റ് സെക്രട്ടറി

| | |
|---|---|
| ശ്രീ. അബ്ദുൽ ഖാദർ യു | 01.04.2015 മുതൽ 20.08.2015 വരെ |
| ശ്രീ. സുദേവൻ പി. സി | 21.08.2015 മുതൽ 19.09.2015 വരെ |
| ശ്രീ. പ്രകാശൻ വി | 22.09.2015 മുതൽ 31.03.2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനിയർ | ശ്രീ. സ്റ്റീഫൺസൺ | 01.04.2015 മുതൽ 18.05.2015 വരെ |
| | ശ്രീ. മുഹമ്മദ് ഷെരീഫ് | 19.05.2015 മുതൽ 04.08.2015 വരെ |
| | ശ്രീ. ജയ പി എസ് | 05.08.2015 മുതൽ 31.03.2016 വരെ |
| വി. ഇ. ഒ | ശ്രീ. ഷിജു ജോയ് | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ. മോഹൻദാസൻ കെ | 01.04.2015 മുതൽ 08.06.2015 വരെ |
| | ശ്രീമതി. എമി പോൾ | 09.06.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. സന്ധ്യ ടി പി | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്സൂപ്പർവൈസർ | ശ്രീമതി. നുസൈബ ബീവി വി.പി | 01.04.2015മുതൽ<br>05.08.2015 വരെ |
| | ശ്രീമതി.സതീദേവി.കെ | 06.08.2015 മുതൽ 31.03.2016 |

| | | |
|---|---|---|
| | | വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. എൻ മോഹൻദാസ് | 01.04.2015 മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ശ്രീമതി. ഫൗസിയ പി എം | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. മൂസ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. കൈരളി ദേവി | 01.04.2015 മുതൽ 31.03.2016 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. അനുല എസ്. മേനോൻ | 01.04.2016 മുതൽ 31.03.2015 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം നിർമിച്ചു | 2-1 | |
| 13 | അൽ നാസ് ഹോസ്പിറ്റലിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് | 2-2 | |
| 14 | അനധികൃത കെട്ടിട നിർമാണത്തിന് ചട്ടപ്രകാരം നിർദേശിച്ച തരത്തിൽ കെട്ടിട നമ്പർ നൽകിയില്ല. | 2-3 | |
| 15 | റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 2-4 | |
| 16 | ലൈസൻസ് വിതരണം നിയമ ലംഘനത്തെ സാധൂകരിക്കലാവുന്നു. | 2-5 | |
| 17 | ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 2-6 | |
| 18 | റേഷൻ കടകൾക്ക് ഫീസ് ഈടാക്കി ലൈസൻസ് നൽകേണ്ടതാണ്. | 2-7 | |

| | | | |
|---|---|---|---|
| 19 | തൊഴിൽ നികുതി – സ്ഥാപന രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല | 2-8 | |
| 20 | മാവേലി സ്റ്റോറിൽ നിന്ന് തൊഴിൽ നികുതി , ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയില്ല. | 2-9 | |
| 21 | ജീവനക്കാരന്റെ തൊഴിൽ നികുതി കുറവായി ഈടാക്കി | 2-10 | |
| 22 | ബിൽഡിംഗ് എഞ്ചിനീയർ/സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-11 | |
| 23 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. | 2-12 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 24 | പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നടപടിക്രമങ്ങൾ പാലിക്കാത്തത് | 3-1 | |
| 25 | ലീവ് സറണ്ടർ തുക അധികം നൽകി | 3-2 | |
| 26 | ക്ലറിക്കൽ തസ്തികയിലെ താൽക്കാലിക നിയമനം മാർഗ നിർദേശങ്ങൾ പാലിക്കേണ്ടതാണ് | 3-3 | |
| 27 | ഹോം കോയിൽ നിന്ന് മരുന്ന് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു | 3-4 | |
| 28 | എസ്.എസ്.എ പ്രൊജക്റ്റ് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല. | 3-5 | |
| 29 | പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായ ചെലവുകൾ | 3-6 | |
| 30 | മരുന്നുകൾ മുഴുവനായും ലഭ്യമായില്ല | 3-7 | |
| 31 | പദ്ധതി രൂപീകരണ മാർഗ്ഗരേഖ പാലിക്കാതെ പദ്ധതി തയ്യാറാക്കി | 3-8 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 33 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 35 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 37 | ഓഡിറ്റ് റിക്കവറി | 4-6 | |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 41 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 1 | |
| 42 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 2 | |
| 43 | ബാലൻസ് ഷീറ്റ് | 3 | |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4 | |
| 45 | Audit Certificate | 5 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 സാമ്പത്തിക വർഷത്തെ ബജറ്റ് 04-03-2015 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+) / (-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 21196741 | 50514043 | 29317302 | | 138 |
| വരവ് | 88803843 | 107450218 | 18646375 | | 21 |
| ആകെ | 110000584 | 157964260 | 47963676 | | 44 |
| ചെലവ് | 97820484 | 137358396 | 39537912 | | 40 |
| നീക്കിയിരിപ്പ് | 12180100 | 20605864 | 8425764 | | 69 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31/07/2016 | 13/07/2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 19-09-2016 മുതൽ 20-09-2016 വരെ | കെ.എസ്.എ.എം.പി.എം 6/2736/2016 തീയതി 07-10-2016 |

അപാകതകൾ

1. പഞ്ചായത്തിന്റെ മഴുവൻ ആസ്തികളുടേയും മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. സഞ്ചയ – സാംഖ്യ സോഫ്റ്റ്‌വെയറുകളുടെ സംയോജനം പൂർത്തീകരിച്ചിട്ടില്ല.

(അക്കൗണ്ട് ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | 2015-16 |
|---|---|
| മുന്നിരിപ്പ് | 50514043 |
| വരവ് | 107450218 |
| ആകെ | 157964261 |
| ചെലവ് | 137358396 |
| നീക്കിയിരിപ്പ് | 20605865 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതുവിഭാഗം | 4578615 | 15675547 | 20254162 | 18544342 | 1709820 | 92 |
| | എസ്.സി.പി. | 2785125 | 5413000 | 8198125 | 6669986 | 1528139 | 81.3 |
| | ടി.എസ് പി. | 1182000 | 1881000 | 3063000 | 237500 | 2825500 | 8 |
| സംരക്ഷണഗ്രാന്റ് | റോഡ് | 2561708 | 6195000 | 8756708 | 7422635 | 1334073 | 85 |
| | നോൺറോഡ് | 3559493 | 4891000 | 8450493 | 6003779 | 2446714 | 71 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 5659668 | 6070977 | 11730645 | 11705617 | 25028 | 99 |
| പെർഫോമൻസ് ഗ്രാന്റ് | | 4736000 | 0 | 4736000 | 4714299 | 21701 | 99.5 |
| എം. ജി. എൻ. ആർ. ഇ. ജി. എസ്. | | 0 | 458013 | 458013 | 457184 | 829 | 99.8 |
| ബി ഫണ്ട് | | | 35322604 | 35747044 | 35747044 | 0 | 100 |
| സ്പെഷ്യൽ ഗ്രാന്റ് | | 852126 | 1500000 | 2352126 | 1404252 | 949874 | 60 |
| ജനറൽ പർപ്പസ് ഫണ്ട് | | 11585624 | 10716131 | 22301755 | 12812543 | 9489212 | 57 |

ഓഡിറ്റിൽ പരാമർശിച്ച വാർഷിക കണക്കിൽ ചെലവ് തുകയിൽ നിന്നും മുന്നിരിപ്പ് കുറച്ചുള്ള തുക വരവായി

ചേർത്ത് നീക്കിബാക്കി ഇല്ല എന്നതാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം | പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ |
|---|---|---|---|---|---|---|---|
| 285 | 79564108 | 221 | 63380859 | 15 | 49 | 82.81 | ഇല്ല |

കുറിപ്പ് : സാങ്കേതിക കാരണങ്ങളാൽ ഐ കെ എം തയ്യാറാക്കിയ ചെലവു സ്റ്റേറ്റ്മെന്റിൽ 5 ലക്ഷം വിട്ടുപ്പോയി

## 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+).(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3483244 | 3977320 | 494076 | (+) 14 |
| നികുതിയേതര വരവുകൾ | 445653 | 574367 | 128714 | (+) 28 |
| മറ്റുവരവുകൾ | 533621 | 159974 | (-)373647 | (-) 70 |
| ആകെ | 4462518 | 4711661 | 249143 | (+) 5.58 |

കുറിപ്പ്: മുൻ വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമാണ് 2014-15 ലെ കണക്കുകൾ എടുത്തിട്ടുള്ളത്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2015-16 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്ക ളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 1037760 | 618 |
| കർഷകതൊഴിലാളി പെൻഷൻ | 7215480 | 884 |
| വിധവാപെൻഷൻ | 13521040 | 1346 |
| വാർദ്ധക്യകാലപെൻഷൻ | 8019270 | 1389 |
| വികലാംഗപെൻഷൻ | 5101245 | 498 |
| വിവാഹ ധനസഹായം | 90000 | 3 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 217040 | 498 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-09-2016ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അതത് ദിവസം തന്നെ പണം ബാങ്കിൽ അടവാക്കുന്നതിനാൽ തുകയൊന്നും അവശേഷിക്കുന്നില്ല

## 1-10 ആഭ്യന്തരനിയന്ത്രണം

നിർവഹണ ഉദ്യോഗസ്ഥരായ അസി സെക്രട്ടറി, ഹെഡ്മാസ്റ്റർ എന്നിവർ ടി ആർ 7 എ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. പഞ്ചായത്തിന് കീഴിലുള്ള ഉദ്യോഗസ്ഥരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇൻകൃമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27-08-16 | 2016 ജൂലൈ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08-10-2015 മുതൽ 26-10-2015 വരെ | 2010-11 to 2014-15 | 23-12-2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം നിർമിച്ചു

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ 5-ാം വാർഡിൽ പത്താനാപുരം അങ്ങാടിക്കടുത്ത് 2006-07 സാമ്പത്തിക വർഷത്തിൽ 44എ മുതൽ 44 എൽ വരെ നമ്പർ നൽകിയ ശ്രീ. അബ്,ദുൾ നാസർ നെല്ലിപ്പാകണ്ടൻ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളോട് പിന്നീട് പഞ്ചായത്തിന്റെ അനുമതിയില്ലാതെ 1634.63 ച മീറ്റർ വിസ്തൃതിയിൽ കൂട്ടിചേർക്കലുകൾ വരുത്തിയതായി പഞ്ചായത്തിന്റെ ഫയലിൽ(A2-3121/15) നിന്നും മനസ്സിലാകുന്നു. അനധികൃതമായ ഈ കെട്ടിടത്തിന്റെ ക്രമീകരണത്തിന് നാളിതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പ് 01-23/09/2016 ന് മറുപടി നൽകിയത് "സമർപ്പിത പ്ലാനും അനുബന്ധരേഖകളും കെ പി ബി ആറിനു വിരുദ്ധമായതിനാൽ ആയത് സംബന്ധിച്ച് നഗരാസൂത്രണ വകുപ്പിനെ അറിയിക്കുകയും , ഇതുമായി ബന്ധപ്പെട്ട കത്തിടപാടുകൾ നടന്നു വരുന്നു" എന്നുമാണ്. നിയമാനുസൃതമായുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 അൽ നാസ് ഹോസ്പിറ്റലിന്റെ പ്രവർത്തനം - നിയമപരമല്ല

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ (5-ാം വാർഡ്)പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അൽ നാസ് ഹോസ്പിറ്റൽ നാളിതു വരെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയോ ഡി ആന്റ് ഒ ലൈസൻസ് എടുക്കുകയോ, തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടില്ല. (ഫയൽ A2-3121/15ൽ നിന്ന് വ്യക്തമാകുന്നത്). അബ്ദുനാസർ നെല്ലിപ്പാക്കണ്ടൻ, വടക്കുംമുറി എന്നിവരുടെ പേരിലുള്ള പ്രസ്തുത കെട്ടിടം വാണിജ്യാവശ്യത്തിന് വേണ്ടി നിർമിച്ചതാണെന്നും പിന്നീട് കൂട്ടിചേർക്കലുകൾക്ക് ശേഷം ഹോസ്പിറ്റലായി തരം മാറ്റിയതെന്നുമാണ്(ഫയൽ A2-3121/15ൽ നിന്ന് വ്യക്തമാകുന്നത്). എന്നാൽ ഈ അനധികൃത കെട്ടിട

നിർമാണ വിവരം പഞ്ചായത്ത് കണ്ടെത്തിയത് 2014-15 ഫീൽഡ് പരിശോധന സമയത്തായിരുന്നു.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 ഉപചട്ടം 4 പ്രകാരം നിയമാനുസൃതമല്ലാതെ നിർമിച്ചതും പ്രത്യേക കെട്ടിട നമ്പർ നൽകപ്പെട്ടതും 235 ഡബ്ലിയു വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ , വ്യാപരത്തിനായോ വ്യവസായവശ്യത്തിനായോ മറ്റേത് ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് , ഗ്രാമ പഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതല്ല. 1994 ലെ കേരള പഞ്ചായത്തി രാജ് നിയമത്തിലെ വകുപ്പ് 235 എ എ ഉപവകുപ്പ് 5 പ്രകാരം നിയമാനുസൃതമല്ലാതെ നിർമിച്ചതും (3)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നമ്പർ നൽകപ്പെട്ടതും 235 ഡബ്ലിയു വകുപ്പ പ്രകാരമുള്ള നടപടിക്ക് വിധേയമാകേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ , വ്യാപരത്തിനായോ വ്യവസായവശ്യത്തിനായോ മറ്റേത് ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് , ഗ്രാമ പഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകാൻ പാടില്ലാത്തതും , അപ്രകാരം പഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകിയിട്ടുണ്ടെങ്കിൽ കെട്ടിട ഉടമക്കും ലൈസൻസിക്കും നോട്ടീസ് നൽകി അത് പുന പരിശോധിക്കേണ്ടതും റദ്ദ് ചെയ്യേണ്ടതുമാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പ് 02-23/09/2016 ന് സെക്രട്ടറി മറുപടി നൽകിയത്

> സമർപ്പിത പ്ലാനും അനുബന്ധരേഖകളും കെ പി ബി ആറിനു വിരുദ്ധമായതിനാൽ ആയത് സംബന്ധിച്ച് നഗരാസൂത്രണ വകുപ്പിനെ അറിയിച്ചതിനാൽ , തീരുമാനമാകുന്ന മുറക്ക് രജിസ്റ്റ്രേഷൻ ഫീസ്, ഡി ആന്റ് ഒ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ മുൻകാല പ്രാബല്യത്തോട് കൂടി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്നമാണ്.

എന്നാൽ മറുപടി തൃപ്തികരമല്ല. പ്രസ്തുത സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നത് ചട്ടപ്രകാരമല്ല. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.




## **2-3** <u>അനധികൃത കെട്ടിട നിർമാണത്തിന് ചട്ടപ്രകാരം നിർദേശിച്ച തരത്തിൽ കെട്ടിട നമ്പർ നൽകിയില്ല.</u>

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ 5-ാം വാർഡിൽ 2006-07 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്ന് നമ്പർ അനുവദിച്ച് നൽകിയിരുന്നതുമായ കെട്ടിടത്തിന് പിന്നീട് പഞ്ചായത്തിന്റെ അനുമതിയില്ലാതെ 1634.63 ച മീറ്റർ വിസ്തൃതിയിൽ കൂട്ടിചേർക്കലുകൾ വരുത്തിയതായി പഞ്ചായത്തിന്റെ ഫയലിൽ(A2-3121/15) നിന്നും മനസ്സിലാകുന്നു. അനധികൃതമായ ഈ കെട്ടിടത്തിന് പ്രത്യേക കെട്ടിട നമ്പർ നൽകുന്നതിന് നാളിതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. കേരള പഞ്ചായത്തി രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 ലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ കെട്ടിടങ്ങൾക്ക് യു എ എന്നും അനധികൃത നിർമാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നമ്പർ നൽകേണ്ടതാണ്. അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം 10 ൽ ഉള്ള ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പ് 01-23/09/2016 ന് മറുപടി നൽകിയത് "സമർപ്പിത പ്ലാനും അനുബന്ധരേഖകളും കെ പി ബി ആറിനു വിരുദ്ധമായതിനാൽ ആയത് സംബന്ധിച്ച് നഗരാസൂത്രണ വകുപ്പിനെ അറിയിച്ചതിനാൽ , തീരുമാനമാകുന്ന മുറക്ക് വസ്തു നികുതിയും കുടിശ്ശികയും പലിശ സഹിതം ഈടാക്കുന്നതാണ്. എന്നും പ്രസ്തുത കെട്ടിടം 2013-14 രണ്ടാം അർദ്ധ വർഷം വരെ പഴയ നിരക്കിലുള്ള വസ്തു നികുതി ഈടാക്കിയിട്ടുണ്ട്' എന്നും അറിയിച്ചു. എന്നാൽ മറുപടി തൃപ്തികരമല്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 235 എ എ ഉപവകുപ്പ് 3 പ്രകാരം നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടങ്ങൾക്ക് , 235 -ാം വകുപ്പിൽ അനുശാസിക്കുന്ന പ്രകാരമുള്ള കെട്ടിട നമ്പർ നൽകാൻ പാടില്ലാത്തതും അവക്ക് നിർണയിക്കപ്പെട്ട പ്രകാരം പ്രത്യേക കെട്ടിട നമ്പർ നൽകേണ്ടതുമാണ്. പ്രത്യേക നമ്പർ നൽകുന്നതിനുണ്ടാകുന്ന യാതൊരു കാലതാമസവും 235 (1)ാം ഉപവകുപ്പ് പ്രകാരം മുൻകാല പ്രാബല്യത്തോട് കൂടി വസ്തു നികുതി ചുമത്തുന്നതിന് തടസ്സമാകുന്നതല്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 ഉപവകുപ്പ് 3 പ്രകാരം നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടങ്ങൾക്ക് ,235 എ എ വകുപ്പ് (1) ാം ഉപവകുപ്പ് പ്രകാരം അവക്കു വേണ്ടി നിശ്ചയിക്കപ്പെട്ട രീതിയിലും നിരക്കിലും വസ്തു നികുതി നിർണയിക്കേണ്ടതും വസ്തു നികുതി ആവശ്യപ്പെട്ടുള്ള ഡിമാന്റ് നോട്ടീസ് ഓരോ കെട്ടിടത്തിന്റേയും ഉടമസ്ഥന് അയക്കേണ്ടതുമാണ്. അപ്രകാരം വസ്തു നികുതി ചുമത്തുന്നതുമൂലം നിയമാനുസൃതമല്ലാതെയുള്ള കെട്ടിട നിർമാണം ക്രമവൽക്കരിക്കപ്പെട്ടതായി കണക്കാക്കുന്നതല്ല.

ആയതിനാൽ പ്രസ്തുത കെട്ടിടത്തിന് അനധികൃത കെട്ടിട നിർമാണത്തിന് ചട്ടപ്രകാരം നിർദേശിച്ച തരത്തിൽ കെട്ടിട നമ്പർ നൽകി, കെട്ടിട ഉടമയിൽ നിന്നും നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതി ഈടാക്കേണ്ടതും ഫാറം 10 രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 2-4 റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന ക്രമവൽകരിക്കപ്പെട്ട കെട്ടിടങ്ങളുടെ വിവരം താഴെ പറയും പ്രകാരമാണ്

| സാമ്പത്തിക വർഷം | രാജിയാക്കൽ ഫീസ് ഈടാക്കി ക്രമവൽകരിച്ച കെട്ടിടങ്ങളുടെ എണ്ണം | നിരസിച്ച അപേക്ഷകളുടെ എണ്ണം | ആകെ |
|---|---|---|---|
| 2015-16 | 286 | 19 | 305 |

2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 137 പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കെടുക്കുമ്പോൾ , ആയത് അനുബന്ധം - J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ

രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്ത് ഇത്തരത്തിലുള്ള ഒരു രജിസ്റ്റർ സൂക്ഷിച്ചു പോരുന്നില്ല. പെർമിറ്റ് രജിസ്റ്ററിന്റെ മറ്റൊരു ഭാഗത്ത് ക്രമവൽക്കരണത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രീതിയാണ് നിലവിലുള്ളത്, ഇത് ചട്ടപ്രകാരമല്ല. ആയതിനാൽ 2016-17 സാമ്പത്തിക വർഷത്തെ ക്രമവൽക്കരണത്തിനു വേണ്ടി അപേക്ഷിച്ച മുഴുവൻ അപേക്ഷകളുടേയും വിവരങ്ങൾ രജിസ്റ്ററിൽ എഴുതി പൂർത്തീകരിച്ച് കാലികമാക്കേണ്ടതാണ്.

## 2-5 ലൈസൻസ് വിതരണം നിയമ ലംഘനത്തെ സാധൂകരിക്കലാവുന്നു.

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു (വകുപ്പ് 232). എല്ലാ വർഷവും ഫെബ്രുവരി മാസത്തിലാണ് അടുത്ത ഏപ്രിൽ മുതൽ ആരംഭിക്കുന്ന സാമ്പത്തിക വർഷത്തിലേക്ക് പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II,III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10). പുതുതായി തുറക്കേണ്ട സ്ഥലങ്ങൾക്കുള്ള ലൈസൻസിനുള്ള അപേക്ഷ അവ തുറക്കുന്നതിന്റെ 30 ദിവസത്തിനു മുമ്പായി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകേണ്ടതാണ്.

| സാമ്പത്തിക വർഷം | ആദ്യമായി അപേക്ഷിച്ചവർ | പുതുക്കുന്നതിനു വേണ്ടി അപേക്ഷിച്ചവർ | | | | ആകെ |
|---|---|---|---|---|---|---|
| | | നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ | ചട്ടം ലംഘിച്ച് സമയം വൈകി പുതുക്കിയവർ | പുതുക്കാത്ത അപേക്ഷകരുണ്ടെങ്കിൽ | ആകെ | |
| 2015-16 | 46 | 1 | 70 | 15 | 86 | 132 |

എന്നാൽ 2015-16 ൽ ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ 99 % നിശ്ചിത സമയത്തിനു ശേഷമാണ് ലൈസൻസ് പുതുക്കി നൽകിയത് . ഇത് സെക്ഷൻ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് വന്ന ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രവുമല്ല പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ ഉതകുന്ന ഒരു സംവിധാനവും ലഭ്യമല്ല. ലൈസൻസിനായി അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക, വൈകിവരുന്നവരിൽ നിന്ന് 25% അധിക ഫീസ് വാങ്ങി ലൈസൻസ് പുതുക്കി നൽകുക, ഒരു വർഷത്തിനു ശേഷം വരുന്നവരിൽ നിന്ന് 1000 രൂപ ഈടാക്കി ലൈസൻസ് നൽകുക എന്നിങ്ങനെയുള്ള രീതികളാണ് അവലംബിച്ചിരിക്കുന്നത്.

ഉദാഹരണം

| ക്രമ നമ്പർ | സാമ്പത്തിക വർഷം | രജിസ്റ്ററിലെ ക്രമ നമ്പർ | അപേക്ഷകന്റെ പേര് | പുതുക്കിയ വർഷങ്ങൾ | റിമാർക്സ് |
|---|---|---|---|---|---|
| 1 | 2015-16 | 25 | അബൂബക്കർ<br>വെള്ളാരംകുന്ന് | 2014-15<br>2015-16 | |

| | | | | | |
|---|---|---|---|---|---|
| 2 | 2015-16 | 27 | അഷ്റഫ് പി ടി<br>പുഴക്കൽതൊടി | 2014-15<br>2015-16 | |
| 3 | 2015-16 | 28 | വീരാൻ ഹാജി<br>പുഴക്കൽതൊടി | 2014-15<br>2015-16 | |
| 4 | 2015-16 | 33 | ജോസഫ് സി പോൾ<br>ഇഞ്ചനാനിയിൽ | 2014-15<br>2015-16 | |
| 5 | 2015-16 | 40 | അന്നക്കുട്ടി സെബാസ്റ്റ്യൻ<br>ആലക്കൽ ഹൗസ്<br>പനംപ്ലാവ് | 2013-14<br>2014-15<br>2015-16 | |
| 6 | 2015-16 | 42 | സെക്രട്ടറി<br>ഊർങ്ങാട്ടിരി സർവീസ് സഹകരണ ബാങ്ക് | 2014-15<br>2015-16 | |
| 7 | 2015-16 | 45 | സാലിം കൊന്നോലത്ത് | 2014-15<br>2015-16 | |
| 8 | 2015-16 | 46 | അബ്ദുൽ ജലീൽ<br>കുന്നത്ത് ഹൗസ് | 2014-15<br>2015-16 | |
| 9 | 2015-16 | 49 | ആലിക്കുട്ടി<br>കരിക്കുന്നൻ | 2014-15<br>2015-16 | |
| 10 | 2015-16 | 68 | അബ്ദുസ്സലാം<br>പടിഞ്ഞാറെതല | 2014-15<br>2015-16 | |
| 11 | 2015-16 | 69 | ലിസ സേവ്യർ<br>കുരിശ്ശുങ്കൽ | 2014-15<br>2015-16 | |
| 12 | 2015-16 | 71 | സണ്ണി ജോസഫ്<br>ചോകാകുഴിയിൽ | 2014-15<br>2015-16 | |
| 13 | 2015-16 | 79 | യശോദ എസ്<br>ശക്തി ന്യൂട്രിമില്ക്സ് | 2014-15<br>2015-16 | |
| 14 | 2015-16 | 83 | ജോസഫ് വിപി<br>വടക്കേതടത്തിൽ | 2014-15<br>2015-16 | |
| 15 | 2015-16 | 103 | മുജീബ് മീമ്പറ്റ | 2014-15<br>2015-16 | |
| 16 | 2015-16 | 105 | കുഞ്ഞുണ്ണി | 2014-15 | |

| | | | | | |
|---|---|---|---|---|---|
| | | | നെല്ലിത്തൊടി<br>പൂവത്തിക്കൽ | 2015-16 | |
| 17 | 2015-16 | 111 | ജോർജ് ജോസഫ്<br>നടുംപറമ്പിൽ<br>വെറ്റിലപ്പാറ | 2007-08<br>2008-09<br>2009-10<br>2010-11<br>2011-12<br>2012-13<br>2013-14<br>2014-15<br>2015-16 | |
| 18 | 2014-15 | 112 | മുബശ്ശിർ സാജിദ് പി കെ<br>ചൂളട്ടിപ്പാറ | 2014-15<br>2015-16 | |
| 19 | 2014-15 | 114 | അബ്ബാസ് മടത്തിങ്ങൽ<br>വടക്കുമ്മുറി | 2013-14<br>2014-15<br>2015-16 | |

എന്നാൽ ഇതുമൂലം തൻവർഷം ഫീസിനത്തിൽ ലഭിക്കേണ്ട വരുമാനം ലഭിക്കാതെ പോവുകയും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ ലൈസൻസ് ആവശ്യമില്ല എന്ന രീതിയിലേക്ക് മാറുകയും ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്ന സാഹചര്യം ഉടലെടുക്കുകയും ചെയ്യുന്നു .ഇത് അതീവ ഗൗരവത്തോടെയാണ് ഓഡിറ്റ് വീക്ഷിക്കുന്നത്.

ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം മുൻവർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പുവരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നൽകേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും 1000 രൂപ പിഴശിക്ഷ ഈടാക്കേണ്ടതാണ്(ചട്ടം 26). ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി അടിയന്തിരമായി യോഗം ചേരുകയും ലൈസൻസ് ഫീസ് ഇനത്തിൽ ലഭിക്കേണ്ട തുക നിശ്ചിത സമയത്തിനുള്ളിൽ പിരിച്ചെടുക്കുന്നതിനു വേണ്ടിയുള്ള നടപടികൾ യോഗത്തിൽ ചർച്ച ചെയ്യേണ്ടതുമാണ് . ലൈസൻസ് ഫീസ് പിരിക്കുന്നതിന് വേണ്ടി ക്യാംപ് കളക്ഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ ജനുവരി, ഫെബ്രുവരി മാസത്തിൽ ചെയ്യാവുന്നതാണ്. സ്ഥാപനത്തെ പറ്റിയുള്ള പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ സൂക്ഷ്മ പരിശോധന കൂടാതെ സ്വീകരിക്കരുത്. അപേക്ഷയിൽ അപേക്ഷ നല്കുന്ന തീയതി , ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത് , ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻവർഷത്തെ ലൈസൻസ് നമ്പരും പേരും , കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും , യന്ത്രമുപയോഗിച്ചാണെങ്കിൽ കുതിരശക്തിയുടെ അളവും രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷയാണ് സ്വീകരിക്കേണ്ടത്. ലൈസൻസ് വിതരണം ചെയ്യുമ്പോൾ അതിൽ മാർച്ച് 01 നുള്ളിൽ പുതുക്കേണ്ടതാണ് എന്ന് രേഖപ്പെടുത്തേണ്ടതാണ്. ഡി ആന്റ് ഒ ലൈസൻസ് പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന

നടത്തി അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണന്ന് ഉറപ്പുവരുത്തേണ്ടതാണ്.(66562/RC3 /12/തസ്വഭവ തിയ്യതി 10.01.2013)

ജി ഒ (ആർ ടി) 795/2007/തസ്വഭവ തിയ്യതി 16.03.2007 പ്രകാരം ഡി ആന്റ് ഒ ലൈസൻസ് പുതുക്കി നൽകുമ്പോൾ സ്ഥാപനങ്ങൾ 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ചു കൊണ്ടുള്ള മലിനീകരണ നിയന്ത്രണബോർഡ് വിജ്ഞാപനം പാലിക്കുമെന്ന് അണ്ടർടേക്കിംഗ് നൽകണം, കൂടാതെ സ്ഥാപനങ്ങൾ അവ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പേര് ബോർഡിൽ രേഖപ്പെടുത്തി എന്ന് ഉറപ്പ് വരുത്തണം. എന്നാൽ 2015-16 വർഷത്തിൽ പഞ്ചായത്തിൽ നിന്നും നൽകിയ ഡി അന്റ് ഒ ലൈസൻസ് അപേക്ഷകളിൽ ഇപ്രകാരമുള്ള അണ്ടർടേക്കിംഗ് സമർപ്പിച്ചിട്ടില്ല. ആയതിനാൽ അപേക്ഷ സ്വീകരിക്കുമ്പോൾ മലിനീകരണ നിയന്ത്രണബോർഡ് വിജ്ഞാപനം പാലിക്കുമെന്ന് അണ്ടർടേക്കിംഗ് ലഭ്യമാക്കിയിട്ടുണ്ടോ എന്നുറപ്പ് വരുത്തേണ്ടതാണ്.

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്. ചട്ടലംഘനം നടത്തി ലൈസൻസ് വൈകി പുതുക്കാൻ വരുന്നവരിൽ നിന്നും 255ാം വകുപ്പ് പ്രകാരം നടപടി സ്വീകരിച്ച് കുറ്റമറ്റ രീതിയിൽ ലൈസൻസ് വിതരണം നടത്തേണ്ടതാണ്. വർഷത്തിലുടനീളം ലൈസൻസ് പുതുക്കി കൊടുക്കുക എന്നതിനു പകരം ഫെബ്രുവരി മാസത്തിൽ ലൈസൻസ് പുതുക്കുന്ന ചട്ടപ്രകാരമുള്ള സമ്പ്രദായം നിലവിൽ വരുത്തേണ്ടതാണ്.

## 2-6 ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 2-7 റേഷൻ കടകൾക്ക് ഫീസ് ഈടാക്കി ലൈസൻസ് നൽകേണ്ടതാണ്

1996-ലെ കേരള പഞ്ചാത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാൻ നാളിതുവരെ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ട ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി 03-23/09/2016 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 14 റേഷൻകടകളുണ്ട് എന്ന വിവരം ലഭ്യമാക്കി.

റേഷൻ കടകൾ

| ക്രമ നമ്പർ | പ്രവർത്തിക്കുന്ന സ്ഥലം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | പനംപിലാവ് | 1 |
| 2 | ഓടക്കയം | 1 |

| | | |
|---|---|---|
| 3 | വെറ്റിലപ്പാറ | 1 |
| 4 | എടക്കാട്ടുപറമ്പ് | 1 |
| 5 | കിണറടപ്പൻ | 1 |
| 6 | വടക്കുംമുറി | 1 |
| 7 | കല്ലരട്ടിക്കൽ | 1 |
| 8 | തെരട്ടമ്മൽ | 1 |
| 9 | മൂർക്കനാട് | 1 |
| 10 | മൈത്ര | 1 |
| 11 | കൂത്തുപറമ്പ് | 1 |
| 12 | തെഞ്ചേരി | 1 |
| 13 | തച്ചണ്ണ | 1 |
| 14 | പൂവത്തിക്കൽ | 1 |

1996ജനുവരിയിലെ ഹൈക്കോടതി ഉത്തരവിൽ റേഷൻകടകളിൽ നിന്നും D &O ലൈസൻസ് ഫീസ് (തൊഴിൽ നികുതി,സ്ഥാപന നികുതി എന്നിവയെപറ്റി പരാമർശമില്ല) ഈടാക്കുന്നതിന് കേരളാ പഞ്ചായത്ത് രാജ് ആക്റ്റിൽ പ്രൊവിഷൻ ഇല്ല എന്നാണുണ്ടായിരുന്നത്. എന്നാൽ ടി ഉത്തരവ് 1996 ലെ പഞ്ചായത്ത് രാജ് ചട്ടം നിലവിൽ വരുന്നതിന് മുമ്പുള്ള ഉത്തരവായതിനാൽ റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കാവുന്നതാണ്. ആയതിനാൽ അടിയന്തിരമായി 2016-17 മുതലുള്ള ലൈസൻസ് നൽകുവാനും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാനും ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 തൊഴിൽ നികുതി - സ്ഥാപന രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട സ്ഥാപന രജിസ്റ്റർ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. നികുതി പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ പേരു മാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഈടാക്കുന്ന രീതിയാണ് ഗ്രാമപ്പഞ്ചായത്ത് നാളിതുവരെ പിന്തുടർന്ന് വരുന്നത്. പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളടങ്ങിയ അസ്സസ്മെന്റ് രജിസ്റ്റർ 1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) 5-ലെ മാതൃകയിൽ എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എങ്കിൽ മാത്രമേ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന നികുതിയും ഒടുക്കു വരുത്തുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ.

## 2-9 മാവേലി സ്റ്റോറിൽ നിന്ന് തൊഴിൽ നികുതി , ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയില്ല

ചുവടെ ചേർത്ത സ്ഥാപനത്തിൽ നിന്നും സ്ഥാപനതൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയിട്ടില്ല.

| ക്ര ന | സ്ഥാപനത്തിന്റെ പേര് | സാമ്പത്തിക വർഷം | അർദ്ധവർഷം |
|---|---|---|---|

| ക്ര ന | സ്ഥാപനത്തിന്റെ പേര് | സാമ്പത്തിക വർഷം | അർദ്ധവർഷം |
|---|---|---|---|
| 1 | മാവേലി സ്റ്റോർ വെറ്റിലപ്പാറ | 2015-16 | ആദ്യ അർദ്ധവർഷം |
| | | | രണ്ടാം അർദ്ധവർഷം |

അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ എൻക്വയറി നം 03- 23/09/2016 ന് സെക്രട്ടറി തുടർനടപടി സ്വീകരിക്കുന്നതാണെന്ന വിവരം അറിയിച്ചു.

## 2-10 ജീവനക്കാരന്റെ തൊഴിൽ നികുതി കുറവായി ഈടാക്കി

താഴെ പറയുന്ന ജീവനക്കാരന്റെ തൊഴിൽ നികുതി 2015-16 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി കുറവായി ഈടാക്കി.

| ക്ര ന | സാമ്പത്തിക വർഷം | പേര്/ സ്ഥാപനം | നികുതി വിധേയമാകുന്ന വരുമാനം | അർഹമായ നികുതി | ഈടാക്കിയ നികുതി | നികുതിയിലെ കുറവ് |
|---|---|---|---|---|---|---|
| 1 | 2015-16 ആദ്യ അർദ്ധവർഷം | കെ ബി ശ്രീറാം മാനേജർ കനറാ ബാങ്ക് വെറ്റിലപ്പാറ | 283700 | 1250 | 832 | 418 |
| ആകെ | | | | | | 418 |

അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ എൻക്വയറി നം 06- 23/09/2016 ന് അപാകതക്ക് കാരണം ക്ലറിക്കൽ തെറ്റ് ആണെന്നും, തുടർനടപടി സ്വീകരിക്കുന്നതാണെന്നുമുള്ള വിവരം അറിയിച്ചു. കുറവ് വന്ന തുക ₹ 418 പ്രസ്തുത വ്യക്തിയിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറി ശ്രീ. സത്യകുമാരൻ കെ.കെ യിൽ നിന്നോ പിഴ സഹിതം ഈടാക്കേണ്ടതാണ്.

## 2-11 ബിൽഡിംഗ് എഞ്ചിനീയർ/സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി ബന്ധപ്പെട്ട രജിസ്റ്ററിൽ കാണുന്നില്ല. പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ നിരവധി അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസർമാരുടെ വിവരങ്ങൾ ലഭിച്ചു.

ഉദാഹരണങ്ങൾ

| ക്രമ നമ്പർ | ബിൽഡിംഗ് സൂപ്പർവൈസറുടെ പേര്/ വിലാസം | ലൈസൻസ് നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ശ്രീ. അബ്ദുസ്സലാം കെ.പി<br>തെഞ്ചീരി ഹൗസ്<br>പൂവത്തിക്കൽ പി ഒ | E-2050/08/6114/KKD/85/2014/SA<br>സൂപ്പർവൈസർ - എ |
| 2 | ശ്രീ. ഇസ്മായിൽ സാലിസ്<br>തയ്യിൽ ഹൗസ്<br>കീഴുപറമ്പ് പി ഒ | E-2050/08/715/KKD/478/SB<br>സൂപ്പർവൈസർ - ബി |
| 3 | ശ്രീമതി. സെറീന പി<br>നെല്ലിപ്പാകുണ്ടൻ ഹൗസ്<br>വടക്കുമ്മുറി | E-2050/08/148/KKD/116/SB<br>സൂപ്പർവൈസർ - ബി |
| 4 | ശ്രീ. മുഹമ്മദ് ഫിറോസ് വി<br>വിളക്കാതിൽ ഹൗസ്<br>അരീക്കോട് പി ഒ | E-2050/08/6585/KKD/144/2014/SA<br>സൂപ്പർവൈസർ - എ |
| 5 | ശ്രീ. നസ്മൽ മോക്കത്ത്<br>- | E-2050/08/2722/KKD/634/2010/SB<br>സൂപ്പർവൈസർ - ബി |
| 6 | ശ്രീ. ബാസിൽ പൂവഞ്ചേരി<br>മേലേതയ്യിൽ ഹൗസ്<br>പുത്തലം | E-2050/08/3399/KKD/411/2011/SB<br>സൂപ്പർവൈസർ - ബി |
| 7 | ശ്രീ. മുഹാസിൻ കെ | E-2050/08/4319/KKD/421/2012/SB<br>സൂപ്പർവൈസർ - ബി |
| 8 | ശ്രീ. മൂസക്കുട്ടി കെ<br>കാരിയോടൻ ഹൗസ്<br>ഊർങ്ങാട്ടിരി പി ഒ | L2-8086/07/7644/SB<br>സൂപ്പർവൈസർ - ബി |
| 9 | ശ്രീ. ആശിഖ് അലി വി കെ<br>വട്ടിക്കുത്ത് ഹൗസ്<br>ഊർങ്ങാട്ടിരി പി ഒ | E-2050/08/7146/KKD/144/2015/SB<br>സൂപ്പർവൈസർ - ബി |
| 10 | ശ്രീ. ഷാജി മോൻ ബി പി<br>ബഗവതിപറമ്പിൽ ഹൗസ്<br>പൂവത്തിക്കൽ പി ഒ | D-2330 /2006/7085/SB<br>സൂപ്പർവൈസർ - ബി |
| 11 | ശ്രീമതി. മീനഭായി കളത്തിങ്ങൽ<br>മീനമന്ദാരം | E-1632/08/4164<br>സൂപ്പർവൈസർ - എ |

| | | |
|---|---|---|
| | കൊഴകൊട്ടൂർ | |
| 12 | ശ്രീ. കെ പി അഷ്‌റഫ്<br>നോട്ടെൻ വീട്ടിൽ<br>അരീക്കോട് | E-2050/08/2859/KKD/9/2011/SA<br>സൂപ്പർവൈസർ - എ |
| 13 | ശ്രീ. അർഷിദ് സി<br>ചെറുകാട് ഹൗസ്<br>പത്തപ്പിരിയം | D-2550/08/305/KKD/346-SB<br>സൂപ്പർവൈസർ - ബി |
| 14 | ശ്രീമതി. പ്രേമലത പി വി<br>കണാട്ടേരി ഹൗസ്<br>പുളിക്കൽ പി ഒ | E-2050/08/4686/KKD/11/2013/SA<br>സൂപ്പർവൈസർ - എ |
| 15 | ശ്രീ. സലീൽ വി ടി<br>വലിയതൊടി ഹൗസ്,<br>കിണറടപ്പൻ | E-2050/08/4711/KKD/90/2011/SA<br>സൂപ്പർവൈസർ - ബി |
| 16 | ശ്രീമതി. ഷാജില പൂന്തോട്ടത്തിൽ<br>കീഴുപറമ്പ് | E-2050/08/3481/KKD/491/2011/SB<br>സൂപ്പർവൈസർ - ബി |
| 17 | ശ്രീ. നൗഫൽ പി പി<br>പന്തപിലാക്കൽ ഹൗസ്<br>മാരിയാട് പി ഒ | E-2050/08/6946/KKD/237/2015/SB<br>സൂപ്പർവൈസർ - ബി |
| 18 | ശ്രീ. നിസ്സാർ കെ<br>""ഹിറ"" മടപ്പിലാശ്ശേരി പറമ്പ്<br>നടുവട്ടം | E-2050/08/2261/KKD/424/2010/SB<br>സൂപ്പർവൈസർ - ബി |
| 19 | ശ്രീ. മുഹമ്മദ് സി<br>ചോശാത്തറ ഹൗസ്<br>ഉഗ്രപുരം പി ഒ | E-1632/08/2248/KKD/16/2010/EB<br>എഞ്ചിനീയർ - ബി |
| 20 | ശ്രീ . റിയാസ് അബൂബക്കർ<br>തിരുനിലത്ത് ഹൗസ്<br>തോട്ട്മുക്കം പിഒ | E-2050/08/4903/KKD/189/2013/SB<br>സൂപ്പർവൈസർ - ബി |
| 21 | ശ്രീ. അബ്ദുള്ള പി പി<br>താഴത്തിൽ ഹൗസ്<br>ഉഗ്രപുരം പി ഒ | E-2050/08/7466/KKD/296/2015/SB<br>സൂപ്പർവൈസർ - ബി |

| | | |
|---|---|---|
| 22 | ശ്രീ. സൈനുദ്ധീൻ എം<br>മേപ്പോഴിൽ , കിഴക്കോത്ത്<br>കൊടുവള്ളി | C1- 2075/2000/76/EA<br>എഞ്ചിനീയർ - എ |
| 23 | ശ്രീ അബ്ദുള്ള കൊന്നാലത്ത്<br>താഴത്ത് വീട്ടിൽ<br>പത്തനാപുരം | E-2050/08/4468/KKD<br>/79/2013/SB<br>സൂപ്പർവൈസർ - ബി |
| 24 | ശ്രീ. ജുനൈസ് കരുവമ്പ്ര<br>പട്ടാക്കൽ കോലത്ത് ഹൗസ്<br>വിളയിൽ പി ഒ | E-1632/08/6657<br>സൂപ്പർവൈസർ ബി |
| 25 | ശ്രീ . അഗസ്റ്റിൻ തോമസ് | L2 -8607/07/7890/SB<br>സൂപ്പർവൈസർ ബി |
| 26 | ശ്രീ. അബ്ദുൽ ലത്തീഫ്<br>മുള്ളഞ്ചേരി ഹൗസ്<br>ഉറങ്ങാട്ടിരി | E-1632/08/4776<br>സൂപ്പർവൈസർ - ബി |
| 27 | ശ്രീ. സാജൻ പി എസ്<br>പന്നിയാമക്കൾ ഹൗസ്<br>തമ്പലമണ്ണ പി ഒ | E-2050/08/6576/KKD<br>/142/2014/SA<br>സൂപ്പർവൈസർ - എ |
| 28 | ശ്രീമതി. സക്കീന പി | E-2050/08/3588/KKD<br>/16/2012/SA<br>സൂപ്പർവൈസർ - ബി |
| 30 | ശ്രീ. ഫിറോസ് ഇ<br>എളയോടത്ത് ഹൗസ്<br>മുള്ളമ്പാറ | E-2050/08/4320/KKD<br>/114/2012/SA<br>സൂപ്പർവൈസർ - എ |
| 31 | ശ്രീ. നിധിൻ ഇ<br>മണിയൂട്ടുമുണ്ടയിൽ ഹൗസ്<br>പെരുമ്പള്ളി | E-2050/08/7926/KKD<br>/490/2015/SB<br>സൂപ്പർവൈസർ - ബി |
| 32 | ശ്രീ ഷാജി എ ഒ<br>എം പി ഹൗസ്<br>മുണ്ടക്കൽ പി ഒ | D-1433/04/1612/SA<br>സൂപ്പർവൈസർ - എ |
| 33 | ശ്രീ . ജൂഡേസൺ പി ജെ<br>പുളിക്കാത്തറ | G6-969/11/279/SA<br>സൂപ്പർവൈസർ - എ |

| | | |
|---|---|---|
| 34 | ശ്രീ. ഷിറാശ് പി<br>പറമ്പൻ ഹൗസ്<br>എടവണ്ണ | E-1632/08/5932<br>സൂപ്പർവൈസർ - ബി |
| 35 | ശ്രീ . സഫീറുദ്ധീൻ ഇ<br>എടലോലി ഹൗസ്<br>നറുകര | E-2050/08/5363/KKD<br>/194/2013/EA<br>എഞ്ചിനീയർ എ |

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസർമാർ/എഞ്ചിനീയർമാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.(ഉദാ ബിസ്മി ബിൽഡേഴ്സ്, തെരട്ടമ്മൽ). ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 12-26/09/2016 ന് തുടർനടപടി സ്വീകരിക്കാമെന്ന് സെക്രട്ടറി അറിയിച്ചു.

## 2-12 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

ഊർങ്ങാട്ടിരി സർവ്വീസ് സഹകരണ ബാങ്കിന്റെ മുഖ്യശാഖക്കു പുറമേ തോട്ടുമുക്കം ശാഖ കൂടി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട് . ശാഖയിലെ ജീവനക്കാരുടെ തൊഴിൽ നികുതി മുഖ്യ ശാഖയുടെ റിട്ടേൺ വഴിയാണ് അടവാക്കിയിട്ടുള്ളത്. മുഖ്യ ശാഖയുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും ശാഖയുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(04-23/09/2016) തുടർനടപടി സ്വീകരിക്കാമെന്നറിയിച്ചു. 2015-16 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നടപടിക്രമങ്ങൾ പാലിക്കാത്തത്

2015-16 ൽ ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വാർഷിക പദ്ധതി ചെലവിന്റെ 58ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് വിനിയോഗിച്ചത്. തനതു വിഹിതം ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് വകയിരുത്തി അസി.എഞ്ചിനീയർ നിർവ്വഹണം നടത്താൻ 205 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി. ഒരു അസി.എഞ്ചിനീയർ ,ഓവർസിയർ ഉൾപ്പെടുന്ന എൽ സി ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മയെ ഗൗരവമായി ബാധിക്കുന്ന വിഷയമാണ്.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

1.റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നു

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗിക തലത്തിൽ വരുത്താനായില്ല.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലും പ്രാരംഭ നടപടി പോലും പൂർത്തിയാക്കിയില്ലായെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്റ്റിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

2.റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്. വീതി 3 മീറ്ററിൽ താഴെയുള്ള നടപ്പാതകളിൽ പൂർണ്ണമായും കോൺക്രീറ്റിംഗാണ് നിർവ്വഹിക്കുന്നത്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങളില്ലായെന്ന വസ്തുത നിലനിൽക്കുമ്പോൾ തന്നെ നിർമ്മാണത്തിനും മെയിന്റേനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമയി പരിമിതപ്പെടുത്തേണ്ടതാണ്. പഞ്ചാത്ത് ഭരണ സമിതിയും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസി.എഞ്ചിനീയറും നിർദ്ദേശം പരിശോധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

3. ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനത്തിലെ അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല. പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ് പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാരത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്ടറുടെ / കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ് പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണമാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശ ഭരണ വകുപ്പിന്റെ 4.3.2013 ലെ

1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.

4.ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മ പരിശോധന നടത്തുന്നില്ല.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചെലവ് കണക്കാക്കുന്നത് എസ്റ്റിമേറ്റിനെ അടിസ്ഥനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ് അനുവദിക്കാൻ നിർദ്ദേശമുള്ളത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.

സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ ടാറിംഗ് പ്രവൃത്തികൾ പരിശോധിച്ചതിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത് 2014 ലെ DSR നിരക്കിനെ അടിസ്ഥാനമാക്കിയാണെന്നും ടാറിന്റെ മാർക്കറ്റ് വില ഈ നിരക്കിനേക്കാൾ കുറവാണെന്നും കാണുന്നു. ഇതെ പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവ് കണക്ക് തയ്യാറാക്കിയപ്പോൾ സമിതികൾ ടാർ ലഭ്യമായതിന്റെ യഥാർത്ഥ ചെലവ് ഉൾപ്പെടുത്തുന്നുണ്ടെങ്കിലും മൊത്തം ചെലവ് മൂല്യനിർണ്ണയതുകയിൽ അധികരിക്കുന്ന രീതിയിൽ തൊഴിലാളികളുടെ കൂലി,മറ്റുള്ള മെറ്റീരിയലുകൾ വാങ്ങിയതിന്റെ ചെലവ് അധികമായി ഉൾപ്പെടുത്തുന്നുണ്ട്. മരാമത്ത് പ്രവൃത്തികളുടെ ചെലവ് അനുവദിക്കുമ്പോൾ ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവുകളുടെ കൃത്യത ബന്ധപ്പെട്ട ബിൽ,മസ്റ്റർറോൾ സഹിതം സൂക്ഷമപരിശോധന നടത്തേണ്ടതാണ്.

## 3-2 ലീവ് സറണ്ടർ തുക അധികം നൽകി

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ ടെക്നിക്കൽ അസിസ്റ്റന്റായി സേവനമനുഷ്ഠിക്കുന്ന ശ്രീ. ലബീബ് അഹമ്മദിന് 2015-16 സാമ്പത്തിക വർഷത്തിൽ ലീവ് സറണ്ടർ ഇനത്തിൽ 20 ദിവസത്തേക്ക് 9000 രൂപ അനുവദിച്ചിട്ടുണ്ട്, (വൗച്ചർ നമ്പർ 21501085/31-03-2016). ജി.ഒ. (പി) നമ്പർ 324/2004/fin dt.12-07-2014 പ്രകാരം ഒരു സാമ്പത്തിക വർഷം പരമാവധി ആർജിതാവധി സറണ്ടർ ചെയ്യാവുന്നത് അർഹതക്ക് വിധേയമായി 20 ദിവസമായി വർധിപ്പിച്ചിട്ടുണ്ട്. താൽക്കാലിക ജീവനക്കാർക്ക് ഒരു വർഷം പരമാവധി ആർജിക്കാവുന്ന ആർജിതാവധി 15 ദിവസമാണ്.

ജീവനക്കാരന്റെ ആർജിതാവധി അക്കൗണ്ടിൽ 20 ലീവ് ഉള്ളതായി വൗച്ചർ പ്രകാരം വ്യക്തമാവുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/28-09-2016) ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയിൽ അധിക തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 3-3 ക്ലറിക്കൽ തസ്തികയിലെ താൽക്കാലിക നിയമനം മാർഗ നിർദേശങ്ങൾ പാലിക്കേണ്ടതാണ്

2015-16 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ ശ്രീമതി. സീന മാത്യു എന്നയാളെ ക്ലറിക്കൽ തസ്തികയിൽ പ്രതിദിനം 400 രൂപ നിരക്കിൽ തനത് ഫണ്ടിൽ നിന്ന് വേതനം നൽകി താൽക്കാലികമായി നിയമിച്ചിട്ടുണ്ട്.

നിയമനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് തീരുമാനം, അധിക തസ്തികയുടെ ആവശ്യകത എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ. 9/24-09-2016) ഗ്രാമപഞ്ചായത്ത് സെക്രട്ടറി

നൽകിയ മറുപടിയിൽ 2015-16 സാമ്പത്തിക വർഷത്തിന് മുമ്പ് തന്നെ 21-08-2013 ലെ 5(5) നമ്പർ പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടിയാരിയെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട് എന്നറിയിട്ടിട്ടുണ്ട്. 15-06-2015 ലെ 4(13) നമ്പർ പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ ഡിജിറ്റലൈസേഷൻ, ഡാറ്റാ എൻട്രി, സാംഖ്യ സഞ്ചയ ഇന്റഗ്രേഷനുമായി ബന്ധപ്പെട്ട് രസീതുകളുടെ പോസ്റ്റിംഗ് എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ ടിയാരിയെ വീണ്ടും നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

താൽക്കാലിക അടിസ്ഥാനത്തിൽ ഒരു ജീവനക്കാരനെ നിയമിക്കൽ അനിവാര്യമാണെങ്കിൽ വ്യക്തമായ വർക്ക് അസസ്മെന്റ് നടത്തി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയോ, സർക്കാറിൽ നിന്ന് പ്രത്യേക അനുമതി വാങ്ങിക്കുകയോ ചെയ്യേണ്ടതാണ്.

## 3-4 ഹോം കോയിൽ നിന്ന് മരുന്ന് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു

പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭിക്കുന്നത് പ്രധാനമായും സർക്കാർ സ്ഥാപനമായ കേരള സംസ്ഥാന ഹോമിയോപതിക് കോ.ഓ ഫാർമസിയിൽ നിന്നുമാണ്. ഹോമിയോ ഡോക്ടർ നിർവഹണ ഉദ്യോഗസ്ഥനായി ഹോംകോയിൽ (The Kerala State Homoeopathic Co Operative Pharmacy(HOMCO) നിന്നും വാങ്ങുന്ന മരുന്നുകൾ ലഭിക്കാൻ വളരെയധികം താമസമുണ്ടാകുന്നു.

| പ്രൊജക്റ്റ് നമ്പർ | തുക | ട്രഷറിയിൽ നിന്നും തുക പിൻവലിച്ചത് | മരുന്നുകൾ ലഭിച്ചത് | കാലതാമസം (ദിവസം) |
|---|---|---|---|---|
| 2/2016 | ₹100,000 | 03/10/2015 | 11/08/2016 | 313 |

ഇത് മൂലം അത്യാവശ്യങ്ങൾക്ക് ഉദ്ദേശിച്ച് ആവശ്യപ്പെട്ട മരുന്നുകൾ യഥാസമയം ഉപയോഗിക്കാൻ സാധിക്കാത്ത അവസ്ഥ ഉണ്ടാകുന്നു. മരുന്നുകൾ ഉടൻ തന്നെ രോഗികൾക്ക് ഉപയോഗിക്കാൻ പാകത്തിന് ലഭ്യമാകണമെന്നിരിക്കെ , ഇൻഡെന്റ് ,ഡി ഡി എന്നിവ ഹോമിയോ ഡിസ്പെൻസറിയിൽ നിന്ന് കൈപറ്റിയ ശേഷം മാസങ്ങൾക്ക് ശേഷമാണ് ഹോംകോയിൽ നിന്ന് മരുന്ന് ഡിസ്പെൻസറിക്ക് നൽകുന്നത്. ഇത് ശരിയായ പ്രവണതയല്ല. ഏറ്റെടുത്ത സ്ഥാപനങ്ങളുടെ ശരിയായ രീതിയിലുള്ള നടത്തിപ്പിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം നേരിടുന്നുണ്ടോ എന്ന് നോക്കേണ്ട പൂർണ ഉത്തരവാദിത്തം ഗ്രാമപഞ്ചായത്തിനുണ്ട്.

ഇത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-5 എസ്.എസ്.എ പ്രൊജക്റ്റ് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല.

2015-16 വർഷത്തെ എസ്.എസ്.എ പ്രൊജക്റ്റിനുള്ള പഞ്ചായത്ത് വിഹിതം ഇനത്തിൽ ₹ 2157202എസ്.എസ്.എ മലപ്പുറം ജില്ലാ കോ ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്.

| പ്രൊജക്റ്റ് | ചെലവ് | ബിൽ നമ്പർ |
|---|---|---|
| SSA വിഹിതം നൽകൽ-ജനറൽ (4/16) | ₹ 2000000 | 1/15-16 തി.26.02.2016 |
| SSA വിഹിതം നൽകൽ-എസ്.സി (292/16) | ₹ 157202 | 2/15-16 തി.26.02.2016 |

ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രൊജക്റ്റിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 362/13 തി. 16.11.2013 പ്രകാരം എസ്.എസ്.എ യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ SSA പ്രൊജക്റ്റ് തയ്യാറാക്കേണ്ടത് എന്ന് വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത്

അധികാരികളും, പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും , എസ്.എസ്.എ യും കൂടി ചർച്ച ചെയ്ത് പഞ്ചായത്തിൽ SSA പ്രൊജക്ടിൻ കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തിന്റെ ആവശ്യകതക്കനുസരിച്ചാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത്. എന്നാൽ ഇത്തരം നടപടികൾ പാലിക്കാതെയാണ് പണം നൽകിയത്.

2) വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

എസ്.എസ്.എ കൈപ്പറ്റിയ തുകയുടെ വിനിയോഗം സംബന്ധിച്ച വ്യക്തമായ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ എസ്.എസ്.എ അധികാരികൾ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല. SSA യുടെ പദ്ധതി വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടപ്പോൾ, വർക്ക് പ്ലാൻ അതേ പോലെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്ന പേരു മാറ്റി ലഭിച്ചത് സമർപ്പിച്ചിരിക്കുകയാണ്.

പ്രൊജക്ട് ഓഫീസറുടെ വർക്ക്പ്ലാൻ പ്രകാരമുള്ള ഓരോ ഇനങ്ങളുടെയും വിശദമായ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ₹ 2157202 ചെലവു തടസ്സം ചെയ്യുന്നു.

## 3-6 പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായ ചെലവുകൾ

2015-16 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവഹണം താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം നടത്തിയ വിവിധ ചെലവുകൾ പദ്ധതി മാർഗ്ഗരേഖ/ സബ്സിഡിമാർഗ്ഗരേഖ സംബന്ധിച്ച സർക്കാർ ഉത്തരവ് (ജി.ഒ(എം.എസ്) 362/13 തി. 16.11.2013 ) ന് വിരുദ്ധമാണ് എന്ന് കാണുന്നു

വിശദ വിവരം താഴെ നൽകുന്നു

| പ്രൊജക്ട് | ചെലവ് | ബിൽ നമ്പർ | കുറിപ്പ് |
|---|---|---|---|
| എസ്.സി സമഗ്ര വിദ്യാഭ്യാസ പദ്ധതി. ( 254/16) | ₹ 50000 | 5/15-16 തി. 26.03.2016 | എൽ.പി വിദ്യാർത്ഥികൾക്ക് സഹവാസ ക്യാമ്പ് ചെലവ്( 2016 ഫെബ്രുവരി 26,27)<br>ഭക്ഷണം - 30000<br>റിസോഴ്സ് പേഴ്സൻ വേതനം- 6300<br>സ്റ്റേഷനറി,അച്ചടി - 4700<br>സ്റ്റേജ്, ലൈറ്റ്&സൗണ്ട് - 9000 |
| | ₹ 75000 | 5/15-16 തി. 26.03.2016 | യു.പി വിദ്യാർത്ഥികൾക്ക് സഹവാസ ക്യാമ്പ് ചെലവ്( 2016 ഫെബ്രുവരി 26,27)<br>ഭക്ഷണം - 67000<br>വേതനം- 5200<br>സ്റ്റേഷനറി,അച്ചടി - 2800 |
| | ₹ 70200 | 13/15-16 തി. 30.03.2016 | എസ്.സി കോളനികൾ കേന്ദ്രീകരിച്ചുള്ള ട്യൂഷൻ ചെലവ്<br>ഇൻസ്ട്രക്ടർക്ക് ഹോണറേറിയം - 18000<br>ഭക്ഷണം - 52200 |
| അതുല്യം പരിപാടി | 25000 | 6/15-16 തി. 26.03.2016 | അതുല്യം തുടർ സാക്ഷരതാ പദ്ധതിയുടെ ഭാഗമായി തുല്യതാ പഠിതാക്കൾക്ക് ക്ലാസ് എടുത്ത ഫീസ് |

| | | | |
|---|---|---|---|
| ( 239/16) | 17000 | ചെക്ക് നമ്പർ 424651/ 17.03.2016 | നൽകിയത്. |

മേൽ ഉത്തരവ് പ്രകാരം ഉൽപാദനപരമല്ലാത്ത പരിപാടികളായ ബോധവൽകരണ മേളകൾ ,സെമിനാറുകൾ , സമ്മേളനങ്ങൾ , ആദരിക്കലുകൾ എന്നിവ ഏറ്റെടുക്കാൻ പാടില്ല എന്ന് നിർദേശിക്കുന്നുണ്ട്.

തുടർ സാക്ഷരതാ പ്രൊജക്ടുകൾ പഞ്ചായത്തിന് ഏറ്റെടുക്കാൻ അനുമതി നൽകിയിട്ടുണ്ടെങ്കിലും ക്ലാസ് എടുക്കുന്നതിന് വേതനം നൽകുന്നതിന് അനുമതി നൽകിയിട്ടില്ല. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് സാക്ഷരതാമിഷൻ മുഖേന നിയമിക്കപ്പെട്ട പ്രേരകുമാർ ഉണ്ടായിരിക്കെ തുടർ സാക്ഷരതാ ക്ലാസുകൾ എടുക്കുന്നതിന് അദ്ധ്യാപകർക്ക് വേതനം നൽകിയത് ശരിയല്ല. കൂടാതെ ഇത്തരത്തിൽ വേതനം നൽകിയ അദ്ധ്യാപകരുടെ നിയമനം/ യോഗ്യത എന്നിവ സംബന്ധിച്ചുള്ള യാതൊരു രേഖയും പരിശോധനക്ക് ലഭ്യമാക്കിയില്ല.

എസ്.സി സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽആകെ ചെലവഴിച്ച ₹ 354800 ൽ ₹ 149200 ഭക്ഷണത്തിനാണ് ചെലവഴിച്ചത്. എസ്.സി വിഭാഗത്തിന്റെ സമഗ്ര വികസനത്തിന് വിനിയോഗിക്കേണ്ട പണം ഇത്തരത്തിൽ ഭക്ഷണം വിതരണം ചെയ്യുന്നതിന് വിനിയോഗിച്ചത് ശരിയല്ല.

മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനത്തിനും , മാർഗ്ഗരേഖയിൽ പരാമർശിച്ചതിൽ അധികമായും പണം വിനിയോഗിക്കണമെങ്കിൽ സർക്കാറിൽ നിന്നും മുൻകൂർ അനുമതി നേടേണ്ടതാണ് എന്നും മേൽ ഉത്തരവിൽ വ്യകതമായി നിർദേശിക്കുന്നുണ്ട്. എന്നാൽ മേൽ പ്രൊജക്ട് നടപ്പാക്കുന്നതിന് സർക്കാറിൽ നിന്നും മുൻകൂർ അനുമതി നേടിയിട്ടില്ല.

ആയതിനാൽ മേൽ പട്ടിക പ്രകാരം ചെലവഴിച്ചതിൽ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിന് ചെലവഴിച്ച ₹ 18000 കഴിച്ച് ₹ 219200 ചെലവ് തടസ്സം ചെയ്യുന്നു.

## 3-7 <u>മരുന്നുകൾ മുഴുവനായും ലഭ്യമായില്ല</u>

2015-16 സാമ്പത്തിക വർഷങ്ങളിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ വിവിധ പദ്ധതികളിൽ മരുന്നുകൾ വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം തുക പിൻവലിച്ച് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. സപ്ലൈ ഓർഡർ നൽകിയതിനനുസരിച്ചുള്ള മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ, പേര് | തുക | ബിൽ നമ്പർ/തിയ്യതി | മരുന്ന് ലഭ്യമായത് | ബാക്കി |
|---|---|---|---|---|
| പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ (11/16) | 100000 | 5/15-16 / 31-12-2015 | 32912 | 67088 |
| എസ്.ടി ഹോം കെയർ & അനുബന്ധ പ്രവർത്തനങ്ങൾ ( 255/16) | 75000 | 6/15-16 / 13-01-2016 | 18979 | 56021 |
| മാനസിക രോഗീ | 200000 | 8/15-16 / | - | 200000 |

| | | | | |
|---|---|---|---|---|
| പരിചരണം ( 281/16) | | 24-02-2016 | | |
| ആകെ | 375000 | | 51891 | 323109 |

ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 പദ്ധതി രൂപീകരണ മാർഗ്ഗരേഖ പാലിക്കാതെ പദ്ധതി തയ്യാറാക്കി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ GO(MS)225/12/LSGD Dt 18.08.2012, GO(MS)362/13/LSGD Dt 16.11.2013 നം സർക്കാർ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷ പദ്ധതി രൂപീകരണ രേഖകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണത്തിന് പാലിക്കേണ്ട നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പഞ്ചായത്ത് പ്ലാൻ തയ്യാറാക്കിയത് എന്ന് വ്യക്തമായി.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി, വാർഷിക പദ്ധതികൾ എന്നിവ താഴെ പറയുന്ന നടപടികൾ പാലിച്ചാണ് തയ്യാറാക്കേണ്ടത് എന്ന് GO(MS)362/13/LSGD Dt 16.11.2013 നം സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

1)പ്ലാൻ കോ-ഓർഡിനേറ്ററെ നിശ്ചയിക്കൽ - ഭരണ സമിതി പ്ലാൻ കോ-ഓർഡിനേറ്ററെ നിശ്ചയിച്ച് തീരുമാനം എടുക്കണം.

2)എല്ലാ വർഷവും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ച് ഭരണ സമിതി ഗ്രൂപ്പ് അംഗങ്ങളെ അംഗീകരിക്കുകയും ചെയർ പേഴ്സണെയും , കൺവീനറെയും നിശ്ചയിക്കുകയും വേണം.

3) വർക്കിംഗ് ഗ്രൂപ്പ് : 7 മുതൽ 17 വരെ അംഗങ്ങൾ , അംഗ സംഖ്യയുടെ 1/3 ആണ് ക്വാറം. ഹാജർ രജിസ്റ്റർ, മിനട്സ് ബുക്ക്, തീരുമാനം രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ സൂക്ഷിക്കണം.

4) വർക്കിംഗ് ഗ്രൂപ്പ് പൊതുയോഗം : വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ ആദ്യ പൊതുയോഗത്തിൽ പ്രസിഡന്റ് മുൻ വർഷ പദ്ധതി വിലയിരുത്തുകയും വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ നടപ്പുവർഷ മുൻഗണനകൾ വിശദീകരിക്കുകയും ചെയ്യണം.

5) വർക്കിംഗ് ഗ്രൂപ്പുകൾ യോഗങ്ങൾ ചേർന്ന് ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കുകയും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകുകയും ചെയ്യുക , മുൻവർഷ പ്രൊജക്ട് നടത്തിപ്പ് സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുക എന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്.

6)പദ്ധതി സംബന്ധിച്ച് ധനകാര്യ സ്ഥാപനങ്ങളുമായും സ്റ്റേക്ക് ഹോൾഡർമാരുമായും കൂടിയാലോചന നടത്തുക

7)ജനപ്രതിനിധികളുടെ യോഗം വിളിക്കുക

8)പ്രൊജക്ട് അന്തിമമാക്കുക , വികസന രേഖ , കരട് പദ്ധതി രേഖ എന്നിവ തയ്യാറാക്കുക

9)വികസന സെമിനാർ : വികസന രേഖ , കരട് പദ്ധതി രേഖ എന്നിവ ചർച്ച ചെയ്ത് ആവശ്യമായ നിർദേശങ്ങൾ നൽകുക

10)വികസന രേഖ ഭരണ സമിതി അംഗീകരിക്കുക , അടങ്കലും വകയിരുത്തലും തീരുമാനിക്കുക.

11) നിർവഹണോദ്യോഗസ്ഥൻ പ്രൊജക്ട് തയ്യാറാക്കി അംഗീകാരം നേടുക.

എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ പദ്ധതി രൂപീകരണം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ മേൽ സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പദ്ധതി തയ്യാറാക്കി വിവിധ പ്രൊജക്ടുകൾക്ക് അംഗീകാരം നേടിയത് എന്ന് വ്യക്തമായി

- 2015-16 ലെ പദ്ധതി രൂപീകരണത്തിന് 9.12.2014 ന് മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത്.
- ഓരോ വർക്കിംഗ് ഗ്രൂപ്പിനും ഹാജർ, മിനിട്സ്, തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിന് ഓരോ രജിസ്റ്റർ സൂക്ഷിക്കണമെന്ന് നിർദേശിക്കുന്നുവെങ്കിലും ഒരു രജിസ്റ്റർ മാത്രമാണ് സൂക്ഷിക്കുന്നത്. തീരുമാനം , ഹാജർ എന്നിവ ശരിയായി രേഖപ്പെടുത്തുന്നില്ല. എഴുതിയ മിനട്സിൽ യോഗ തീരുമാനങ്ങൾ , ചർച്ചയുടെ വിവരങ്ങൾ എന്നിവ ശരിയായി രേഖപ്പെടുത്തിയിട്ടില്ല. ഭൂരിപക്ഷം മിനട്സുകളും ക്ലോസ് ചെയ്തിട്ടില്ല.ക്വാറം തികയാതെയും വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നതായും കാണുന്നു.

- ഏതാനും പ്രൊജക്ട് നിർദേശങ്ങൾ രേഖപ്പെടുത്തിയതല്ലാതെ പ്രൊജക്ട് തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾ ക്രിയാത്മകമായ യാതൊരു പങ്കും വഹിച്ചതായി കാണുന്നില്ല.
- പ്രൊജക്ട് സംബന്ധിച്ച് പഠനം നടത്തുകയോ ആവശ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് അതത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകുകയോ ചെയ്തിട്ടില്ല.
- വർക്കിംഗ് ഗ്രൂപ്പുകൾ ഒന്നും തന്നെ മുൻ പഞ്ചവത്സര കാലയളവിലെ പ്രൊജക്ടുകൾ അവലോകനം ചെയ്ത് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
- സ്ഥാപനം നടപ്പാക്കുന്ന പ്രൊജക്ടുകളുടെ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണെങ്കിലും പ്രസ്തുത ചുമതലയും നിറവേറ്റിയതായി കാണുന്നില്ല.
- പദ്ധതി സംബന്ധിച്ച് ധനകാര്യ സ്ഥാപനങ്ങളുമായും സ്റ്റേക്ക് ഹോൾഡർമാരുമായും കൂടിയാലോചന നടത്തിയതിന്റെ മിനുട്സ് , തീരുമാനങ്ങൾ എന്നിവ സൂക്ഷിച്ചിട്ടില്ല.
- 2015-16 വർഷത്തെ വികസന സെമിനാർ 27.02.2015 ന് നടന്നിട്ടുണ്ടെങ്കിലും മിനുട്സ് പദ്ധതി സംബന്ധിച്ച് നടത്തിയ ചർച്ചയുടെ വിവരങ്ങൾ, നിർദേശങ്ങൾ എന്നിവ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വികസന സെമിനാർ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക മിനുട്സ് ബുക്കും സൂക്ഷിച്ചിട്ടില്ല.

പ്രൊജക്ട് തയ്യാറാക്കുന്നതിൽ സുപ്രധാന പങ്ക് വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ഉത്തരവാദിത്തം നിറവേറ്റിയിട്ടില്ല എന്ന് വ്യക്തമാണ്. വർക്കിംഗ് ഗ്രൂപ്പുകൾ യാതൊരു പങ്കും നിറവേറ്റാതെ തയ്യാറാക്കപ്പെട്ട പ്രൊജക്ട് , പ്ലാൻ എന്നിവ ഏതാനും വ്യകതികൾ മാത്രം തയ്യാറാക്കിയതാണ് എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

വനിതാ ഘടക പദ്ധതി തയ്യാറാക്കിയതിലെ അപാകതകൾ

സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുന്നതിനായി ഒരു വനിതാ ഘടകപദ്ധതി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കേണ്ടതാണെന്നും ഇതിനായി വികസന ഫണ്ടിൽനിന്നും 10% തുക വനിതാ ഘടക പദ്ധതിക്ക് നീക്കിവയ്ക്കേണ്ടതാണെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. കൈമാറിക്കിട്ടിയ സ്കൂളുകളിൽ പെൺകുട്ടികൾക്ക് മാത്രമായി മൂത്രപ്പുരകൾ സ്ഥാപിക്കുക, സ്ത്രീകൾ ധാരളമായി എത്തുന്ന ഓഫീസുകളിലും, പൊതു സ്ഥലങ്ങളിലും സ്ത്രീകൾക്കുമാത്രമായി മൂത്രപ്പുരകളും, കക്കൂസുകളും നിർമ്മിക്കുക, സ്ത്രീകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളുമാണ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. സ്ത്രീക്കും, പുരുഷനും ഒരുപോലെ പ്രയോജനം ലഭിക്കുന്ന വീട് നിർമ്മാണം, കക്കൂസ് നിർമ്മാണം മുതലായവയും സമാന സ്വഭാവമുള്ളവയും വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. എന്നാൽ പ്രായപൂർത്തിയായ ഒരു പുരുഷനും അംഗമായി ഇല്ലാത്തതും, സ്ത്രീ കുടുംബനാഥയായിട്ടുള്ളതുമായ കുടംബത്തിലെ സ്ത്രീകൾക്ക് വീട്, കക്കൂസ്, കുടിവെള്ളം എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി എസ്.സി കുടുംബങ്ങൾക്ക് വിവാഹ ധനസഹായം എന്ന പ്രൊജക്ട് ഓഡിറ്റ് കാലയളവിൽ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. വനിതാ ഘടക പദ്ധതി തുകയുടെ വകമാറ്റി ചെലവഴിക്കൽ ശ്രദ്ധയിൽപ്പെടുത്തുന്നു. സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി വനിതാ ഘടക പദ്ധതി തുക ചെലവഴിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

എസ്.സി.പി./ടി.എസ്.പി നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചില്ല.

എസ്.സി.പി./ടി.എസ്.പി. പ്രോജക്ടുകളുടെ നിർവ്വഹണവും, ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപന തലത്തിൽ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട് [സ.ഉ.(എം.എസ്.)നം.362/13/തസ്വഭവ, തീ. 16.11.13] അതത് തദ്ദേശഭരണ സ്ഥാപനത്തിലെ എസ്.സി., എസ്.എസ്.റ്റി. വിഭാഗക്കാരായ ജനപ്രതിനിധികൾ മാത്രമായിരിക്കും നിരീക്ഷണ കമ്മിറ്റിയിലെ അംഗങ്ങൾ. പദ്ധതി നിർവ്വഹണ പുരോഗതിയും, ഫണ്ടിന്റെ വിനിയോഗവും ഈ കമ്മിറ്റി മാസംതോറും യോഗം ചേർന്ന് വിലയിരുത്തണം. ഈ കമ്മിറ്റിയുടെ പ്രവർത്തനത്തിന് വേണ്ട ഓഫീസ് സഹായം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളിൽ അസി.സെക്രട്ടറിയെ ഓഫീസ് ഓർഡർ വഴി ചുമതലപ്പെടുത്തേണ്ടതാണ്. നിരീക്ഷണ കമ്മിറ്റികൾ നടത്തുന്ന നിർവ്വഹണ പുരോഗതി യോഗത്തിന്റെ മിനിട്ട്സ് തദ്ദേശഭരണ സ്ഥാപനത്തിന്റെ യോഗത്തിൽ അജണ്ടയായി വച്ച് ചർച്ച ചെയ്ത് നടപടി ആവശ്യമെങ്കിൽ സ്വീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽപറഞ്ഞ നിർദ്ദേശങ്ങൾക്കനുസൃതമായി നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കുകയോ, എസ്.സി., എസ്.എസ്റ്റി. പ്രോജക്ടുകളുടെ നിർവ്വഹണം നിരീക്ഷണ വിധേയമാക്കുകയോ ചെയ്തില്ല. ഇക്കാരണത്താൽ ഓഡിറ്റ് കാലയളവിലെ ഫണ്ട് വിനിയോഗം കാര്യക്ഷമമായിരുന്നില്ല. ഓഡിറ്റ് കാലയളവിലെ ഫണ്ട് വിനിയോഗത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഫണ്ട് ഇനം | ആകെ ലഭ്യമായ ഫണ്ട് | ചെലവ് | ചെലവിന്റെ ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2015-16 | SCP | 8298125 | 6769986 | 82.5% |
| | TSP | 3063000 | 237500 | 8% |

പ്രത്യേക പരിഗണന അർഹിക്കുന്ന പട്ടിക ജാതി/പട്ടിക വർഗ്ഗക്കാരുടെ ക്ഷേമത്തിനായി ചെലവഴിക്കേണ്ട പദ്ധതി പണം കാര്യക്ഷമമായി ചെലവഴിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ചവരുത്തി. ആവശ്യമായ പരിഹാര നടപടികൾ സ്വീകരിച്ച് ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 551600 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 551600 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 551600 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| സബ്ട്രഷറി അരീക്കോട്. ടി.ഡി. സർട്ടിഫിക്കറ്റ് നമ്പർ 368562/25-05-2013 1 വർഷത്തേക്ക്<br>(പുതുക്കിയ സർട്ടിഫിക്കറ്റ് നമ്പർ000813/25-05-2014 മുതൽ രണ്ട് വർഷത്തേക്ക്) | 551600 |
| ആകെ | 551600 |

കുറിപ്പ്:- വാർഷിക ധനകാര്യ പത്രികയിലെ നിക്ഷേപം ഇനത്തിൽ 551587/-രൂപയാണ് കാണിച്ചിരിക്കുന്നത്. വ്യത്യാസം വരവായെടുത്ത് ക്രമീകരിക്കേണ്ടതാണ്.

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2015-16 വർഷത്തിൽ ലഭിച്ച 7392 രൂപയുടെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം. ഖണ്ഡിക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | ഈടാക്കിയ തുക | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| റിപ്പോർട്ട് വർഷം | ഭാഗം. ഖണ്ഡിക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | ഈടാക്കിയ തുക | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10 | 3.1 | അബ്ബാസ് വി പി<br>ഹെഡ് ക്ലാർക്ക് | 340 | 11504500004/<br>19.06.2015 |
| 1977-78 | 23 | അബ്ദുള്ള പി ടി | 173 | 11504103441/<br>03.02.2016 |
| 1983--84 | 20 | സി കരുണാകരൻ<br>എക്സി ഓഫീസർ | 805 | 11504103442/<br>03.02.2016 |
| 1985-86 | 13 | വി ആർ രാമൻകുട്ടി<br>എക്സി ഓഫീസർ | 1075 | 11504103443/<br>03.02.2016 |
| 1985-86 | 15 | എസ്. ആർ ബാലകൃഷ്ണ പണിക്കർ<br>എക്സി ഓഫീസർ | 363 | 11504103444/<br>03.02.2016 |
| 1987-88 | 10(2) | കെ കുഞ്ഞാലൻകുട്ടി<br>(സോ മിൽ) | 45 | 11504103445/<br>03.02.2016 |
| 1987-88 | 10(3) | പി പി കുഞ്ഞി മുഹമ്മദ് (ഫ്ലോർ /ഓയിൽ) | 18 | 11504103446/<br>03.02.2016 |
| 1987-88 | 10(8) | കെ കുഞ്ഞാലൻകുട്ടി<br>(സോ മിൽ) | 57 | 11504103447/<br>03.02.2016 |
| 1987-88 | 18 | പി കെ അബ്ദുൾ റസാഖ്, കോൺട്രാക്ടർ | 514 | 11504103448/<br>03.02.2016 |
| 1987-88 | 19 | പി കെ അബ്ദുൾ റസാഖ്, കോൺട്രാക്ടർ | 357 | 11504103449/<br>03.02.2016 |
| 1991-92 | 8(സി) | കുഞ്ഞി മുഹമ്മദ്,<br>എക്സി. ഓഫീസർ | 75 | 11504103450/<br>03.02.2016 |
| 1990-91 | 19 | കുഞ്ഞി മുഹമ്മദ്,<br>എക്സി. ഓഫീസർ | 133 | 11504103451/<br>03.02.2016 |
| 1991-92 | 9(എ) | കുഞ്ഞി മുഹമ്മദ്,<br>എക്സി. ഓഫീസർ | 140 | 11504103452/<br>03.02.2016 |

| റിപ്പോർട്ട് വർഷം | ഭാഗം. ഖണ്ഡിക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | ഈടാക്കിയ തുക | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1991-92 | 8(ഡി) | കുഞ്ഞി മുഹമ്മദ്, എക്സി. ഓഫീസർ | 115 | 11504103453/ 03.02.2016 |
| 1991-92 | 9(ബി) | എക്സി. ഓഫീസർ ഉർങ്ങാട്ടിരി ഗ്രാ. പ | 765 | 11504103454/ 03.02.2016 |
| 1991-92 | 9(സി) | എക്സി. ഓഫീസർ ഉർങ്ങാട്ടിരി ഗ്രാ. പ | 90 | 11504103455/ 03.02.2016 |
| 1991-92 | 10 | എക്സി. ഓഫീസർ ഉർങ്ങാട്ടിരി ഗ്രാ. പ | 417 | 11504103456/ 03.02.2016 |
| 1991-92 | 11(1)2 | എൻ കെ അഹമ്മദ് കുട്ടി / എൻ കെ ബീരാൻ | 80 | 11504103457/ 03.02.2016 |
| 1991-92 | 19 | പി ടി മാരൻ പിടിഎസ് ഉർങ്ങാട്ടിരി ഗ്രാ. പ | 310 | 11504103458/ 03.02.2016 |
| 1991-92 | 20 | കെ അബൂബക്കർ ഹാജി, കോൺട്രാക്ടർ | 96 | 11504103459/ 03.02.2016 |
| 1991-92 | 21 | എ അബ്ദു റഹിമാൻ കോൺട്രാക്ടർ | 309 | 11504105067/ 30.03.2016 |
| 1991-92 | 23 | കെ എം സൗമിനി ഹെഡ് ക്ലാർക്ക് | 147 | 11504105068/ 30.03.2016 |
| 1991-92 | 29 | ഒ കുഞ്ഞിമുഹമ്മദ് എക്സി. ഓഫീസർ | 114 | 11504105069/ 30.03.2016 |
| 1996-97 | 34 | എം അബ്ദുൾ നാസർ , കൺവീനർ | 293 | 11504105070/ 30.03.2016 |
| 1996-97 | 35 | എം അബ്ദുൾ നാസർ കൺവീനർ | 561 | 11504105071/ 30.03.2016 |
| | | ആകെ | 7392 | |

## 4-7 <u>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.</u>

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 35(4), 47 | 2004-05 | - | സഹകരണ സംഘങ്ങൾക്ക് ധലസഹായം | - |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 107450218 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 137358396 |
| വരവിനങ്ങളിലുള്ള നഷ്ടം | 418 |
| ചെലവിനങ്ങളിലുള്ള നഷ്ടം. ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2376402 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-10 | 418 | | ശ്രീ. സത്യകുമാരൻ കെ.കെ<br>സെക്രട്ടറി |
| ആകെ | 418 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 2157202 | ശ്രീ. എൻ മോഹൻദാസ്<br>ഹെഡ്മാസ്റ്റർ<br>ജി എം യു പി എസ് മൂർക്കനാട് |

| | | |
|---|---|---|
| | | ഊർങ്ങാട്ടിരി |
| 3-6 | 219200 | ശ്രീ. എൻ മോഹൻദാസ്<br>ഹെഡ്മാസ്റ്റർ<br>ജി എം യു പി എസ് മൂർക്കനാട്<br>ഊർങ്ങാട്ടിരി |
| ആകെ | 2376402 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സത്യകുമാരൻ കെ.കെ<br>സെക്രട്ടറി | സെക്രട്ടറി<br>ചാലിയാർ ഗ്രാമപഞ്ചായത്ത് | കിടങ്ങയത്ത്<br>അമരമ്പലം<br>മലപ്പുറം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നുള്ള ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാത്ത ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1977-78 | എൽ.എഫ്.എം.9/217/89 തി.28.1.1993 | 1 | |
| 1983-84 | എൽ.എഫ്.എം.9/280/01 തി.28.1.1993 | 1 | |
| 1984-85 | എൽ.എഫ്.എം.9/997/07 തി.28.1.1993 | 1 | |
| 1985-86 | എൽ.എഫ്.എം.9/111/92 തി.28.1.1993 | 4 | |
| 1986-87,<br>1987-88 | എൽ.എഫ്.എം.9/468/92 തി.4.9.1992 | 11 | |
| 1990-91 | എൽ.എഫ്.എം.9/945/94 തി.12.5.1995 | 1 | |
| 1991-92 | എൽ.എഫ്.എം.9/605/93 തി.7.7.1993 | 23 | |
| 1992-93,1993-94 | എൽ.എഫ്.എം.6/121/98 തി.10.7.1998 | 12 | |
| 1994-95 | എൽ.എഫ്.എം.9/194/05 തി.4.6.2005 | 8 | |
| 1995-96 | എൽ.എഫ്.എം.9/193/05തി.4.06.2005 | 7 | |

| വർഷം | ഈ വകുപ്പിൽ നിന്നുള്ള ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാത്ത ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.1തി.17.06.20032/1292 /02/തി.17.06.2003 | - | |
| 1997-98 | എൽ.എഫ്.എം.12/1293/02 തി.27.09.2003 | - | |
| 1998-99 | എൽ.എഫ്.എം.12/533/03 തി.24.12.2003 | 21 | |
| 1999-00 | എൽ.എഫ്.എം.8/1609/03 തി.14.5.2004 | 15 | |
| 2000-01,2001-02 | എൽ.എഫ്.എം.12/1656/03 തി.25.6.2004 | 20 | |
| 2002-03 | എൽ.എഫ്.എം.15/1734/08 തി.3.8.2009 | 2 | |
| 2003-04 | എൽ.എഫ്.എം.15/1735/08 തി.3.8.2009 | 6 | |
| 2004-05 | എൽ.എഫ്.എം.15/107/09 തി.25.4.2009 | 4 | |
| 2005-06 | എൽ.എഫ്.എം.15/523/10 തി.18.9.2010 | 11 | |
| 2006-07 | എൽ.എഫ്.എം.15/524/10 തി.18.9.2010 | 25 | |
| 2007-08 | എൽ.എഫ്.എം.6/541/12 തി.15.5.12 | 35 | |
| 2008-09 | എൽ.എഫ്.എം.6/542/12 തി.31.10.12 | 17 | |
| 2009-10 | എൽ.എഫ്.എം.6/543/12 തി.31.10.12 | 21 | |
| 2010-11 | എൽ.എഫ്.എം.6/993/13 തി.7.12.13 | 20 | |
| 2011-12,2012-13 | എൽ.എഫ്.എം.6/1353/14 തി:18.7.2014 | 10 | |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം.6/483/2016 തി:20.4.2016 | 20 | |

.

ഡെപ്യൂട്ടി ഡയറക്ടർ

എം.എ.

# 4-10

## ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Urangattiri Grama Panchayat<br><br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| അനുബന്ധം-1For the period from 01-April-2015 to 31-March-2016 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3977320 |
| 140000000 | Fee & User Charges | I-4(b) | 574367 |
| 150000000 | Sale & Hire Charges | I-5(b) | 94579 |
| 160000000 | Revenue Grants, Funds, Contributions & Compensations / | I-6 | 161018596 |

| | | | |
|---|---|---|---|
| | Subsidies | | |
| 171000000 | Interest Earned | I-8 | 65395 |
| 180000000 | Other Income | I-9 | 505 |
| | Total Income | | 165730762 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 6220944 |
| 220000000 | Administrative Expenses | I-11(b) | 773817 |
| 230000000 | Operations & Maintenance | I-12(b) | 3319074 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6843030 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 30127263 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 12897257 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 2229999 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 35322604 |
| 255000000 | Maintenance Projects | I-14(e) | 13426414 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 51906675 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 5000 |
| 270000000 | Provisions and Write off | I-16 | 569004 |
| 272000000 | Depreciation | I-17(a) | 3159951 |
| | Total Expenditure | | 166801032 |
| | Gross Surplus/ Deficit of income over Expenditure | | -1070270 |
| 280000000 | Prior Period Item | I-18 | -1917415 |
| | Gross Surplus/Deficit of Income over Expenditure after prior period items | | 847145 |

# 4-11

## റിസീപ്റ്റ് ആന്റ് പെയ്മെന്റ് അക്കൗണ്ട്

| |
|---|
| Urangattiri Grama Panchayat<br>RECEIPT & PAYMENT STATEMENT |
| For the period from 01-April-2015 to 31-March-2016 |

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 50089602.71 |
| Cash | Cash | RP-40(a) | 424440.00 |
| | Operating | | |
| 180000000 | Other Income | RP-10 | 505 |
| 340000000 | Deposits Received | RP-34 | 155500 |
| 350000000 | Other Liabilities | RP-36 | 470986 |
| 431000000 | Sundry Debtors (Receivables) | RP-43 | 3486945 |
| 460000000 | Loans, Advances and Deposits | RP-47 | 10000 |
| | Non Operating | | |
| 110000000 | Tax Revenue | RP-1 | 1177042 |
| 140000000 | Fees & User Charges | RP-4 | 495267 |
| 150000000 | Sale & Hire Charges | RP-5 | 94579 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 11964660 |
| 171000000 | Interest Earned | RP-9 | 65395 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 87426860 |
| 350000000 | Other Liabilities | RP-36 | 2102479 |
| | Grand total | | 157964260.71 |
| | PAYMENTS | | |
| | Operating | | |
| 280000000 | Prior Period item | RP-26 | -15145 |
| 340000000 | Deposits Received | RP-34 | 203158 |
| 350000000 | http://search.searchinfast.com/?uid=85ec57d9-2966-466a-92a8-4d95ef172443&uc=20160829&ap=appfocus5&source=googledisplay-cstore-bb8&page=newtab&implementation_id=dm_0.0.2Other Liabilities | RP-36 | 7182498 |
| 410000000 | Fixed Assets | RP-38 | 4894848 |
| 412000000 | Capital Work In Progress | RP-40 | 5649998 |
| 430000000 | Stock-in-hand | RP-42 | 95085 |
| 460000000 | Loans, Advances and Deposits | RP-47 | 309921 |
| | Non Operating | | |
| 210000000 | Establishment Expenses | RP-11 | 1489037 |
| 220000000 | Administrative Expenses | RP-12 | 738117 |
| 230000000 | Operations & Maintenance | RP-13 | 1738918 |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 1461610 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 21249020 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 13626116 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | RP-18 | 2229999 |
| 254000000 | Expenditures of Transferred Institutions and State Sponsored | RP-19 | 1248529 |

| | | | |
|---|---|---|---|
| | Schemes (not included under Decentralised Plan Programme) | | |
| 255000000 | Maintenance Projects | RP-20 | 13426414 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 4044121 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 5000 |
| 280000000 | Prior Period Item | RP-26 | -14110 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 539000 |
| 350000000 | Other Liabilities | RP-36 | 57256262 |
| | Closing Balance | | |
| Bank | Bank | RP-40(b) | 20605864.71 |
| Cash | Cash | RP-40(b) | 0 |
| | Grand Total | | 157964260.71 |

# 4-12

## ബാലൻസ്ഷീറ്റ്

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| Urangattiri Grama Panchayat<br>BALANCE SHEET | | | |
| For the period from 01-April-2015 to 31-March-2016 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 11901830.71 |
| 312000000 | Reserves | B-3 | 28804799 |
| | Total Reserve & Surplus | | 40706629.71 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6565058 |
| | Total Grants, Contributions for Specific Purposes | | 6565058 |
| | Loans | | |
| 330000000 | Secured Loans | B-5 | 0 |
| | Total Loans | | 0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 47307 |
| 341000000 | Deposits Works | B-8 | 0 |
| 350000000 | Other Liabilities | B-9 | 1647910 |
| | Total Current Liabilities and Provisions | | 1695217 |
| | TOTAL LIABILITIES | | 48966904.71 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 30824469 |
| 411000000 | Accumulated Depreciation | B-11 | -5592266 |
| 412000000 | Capital Work in Progress | B-11(a) | 150000 |
| | Total Fixed Assets | | 25382203 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 551589 |
| | Total Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 26400 |
| 431000000 | Sundry Debtors (Receivables) | B-15 | 1467113 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | -707673 |
| 440000000 | Pre-paid Expenses | B-16 | 0 |
| 450000000 | Cash and Bank Balance | B-17 | 20605864.71 |
| 460000000 | Loand, Advances and Deposits | B-18 | 1641408 |
| | Total Current Assets, Loans and Advances | | -707673 |

| | | |
|---|---|---|
| | Total Current Assets, Loans and Advances | 23740785.71 |
| | Other Assets | |
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 48966904.71 |

# 4-13

## ഓഡിറ്റ് സാക്ഷ്യപത്രം

കെ എസ് എ എം പി എം6/2736/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി 07-10-2016

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

# 4-14

# AUDIT CERTIFICATE

No.KSA/MPM/6/2736/16

Kerala State Audit Department

District office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 07-10-2016

Certified that I have audited the Annual Financial Statement of Urangattiri Grama panchayath in Malappuram District of the year ended on 31.3.2016 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Urangattiri Grama panchayath for the year 2015-16 except the observations in My audit report properly presents the picture of income and expenditure.

Deputy Director

State Audit Department

Malappuram